വൈദ്യുതി ഡെപ്പോസിറ്റ്

113 (338) ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു മാസം ഉപയോഗിക്കുന്ന വൈദ്യുതി ചാർജിന്റെ മൂന്ന് മാസത്തെ തുകയ്ക്ക് സമമായ തുക ഡപ്പോസിറ്റായി അടക്കണമെന്ന് എച്ച്.ടി.ഇ.എച്ച്.ടി. വ്യാവസായിക ഉപഭോക്താക്കളോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം ഗാർഹിക ഉപഭോക്താക്കളോടും ഡപ്പോസിറ്റ് തുക അടക്കണമെന്നാവശ്യപ്പെടുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) വൈദ്യുതി ഉപഭോക്താക്കൾ കണക്ഷൻ എടുക്കുന്ന സമയത്ത് നൽകുന്ന ഡപ്പോസിറ്റ് തുകക്ക് പലിശ നല്കുന്നുണ്ടോ ;

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല. രണ്ട് മാസത്തെ വൈദ്യുതി ചാർജ്ജിന് തുല്യമായ തുക ഡെപ്പോസിറ്റായി അടക്കണമെന്ന് കണ്ടീഷൻസ് ഓഫ് സപ്ലൈയിൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) പ്രസക്തമല്ല.

(സി) എല്ലാ ലോ ടെൻഷൻ ഉപഭോക്താക്കളും ഡെപ്പാസിറ്റായി അവരുടെ മൂന്ന് മാസത്തെ വൈദ്യുതി ചാർജിന് തുല്യമായ തുക അടക്കണമെന്ന് വ്യവസ്ഥയുണ്ട്.

(ഡി) ഇല്ല.

(ഇ) ബോർഡ് ഉപഭോക്താക്കൾക്ക് വൈദ്യുതി നല്കിയശേഷം മാത്രമേ ചാർജ്ജ് ഈടാക്കുന്നുള്ളൂ. എന്നാൽ ബോർഡ് പുറമേ നിന്നും വൈദ്യുതി വാങ്ങുന്നത് മുൻകൂറായി ചാർജ്ജ് അടച്ചിട്ടാണ്. അതിനാൽ ഉപഭോക്താവ് ബോർഡിന് നല്കിയിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് ബാങ്കിലെ ഫിക്സഡ് ഡെപ്പോസിറ്റുമായി താരതമ്യപ്പെടുത്താൻ സാദ്ധ്യമല്ല. ഇക്കാര്യത്താൽ ഇതിന് പലിശ നൽകാറില്ല.

എച്ച്.റ്റി., ഇ.എച്ച്.റ്റി. കണക്ഷനുകൾ

114 (339) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയതായി വ്യവസായങ്ങൾ ആരംഭിക്കുന്ന സംരംഭകർക്ക് ഇപ്പോൾ അപേക്ഷ തീയതി മുതൽ എത്ര ദിവസങ്ങൾക്കുള്ളിൽ എച്ച്.റ്റി.ഇ.എച്ച്.റ്റി. കണക്ഷനുകൾ നൽകാൻ കഴിയും ;

LIBRARY ARCHIVES Kerala Legislative Assembly